**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3030 07/02/2018-ൽ മറുപടിയ്ക്ക്

## കാസർഗോഡ് ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ കീഴിലുള്ള എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | കാസർഗോഡ് ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ കീഴിലുള്ള ഏതെല്ലാം എയ്ഡഡ് സ്കൂളുകളിൽ ഈ അദ്ധ്യയന വർഷം അധ്യാപകരുടെ നിയമനം നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എ.എൽ.പി.എസ്.കോട്ടൂർ, എ.എൽ.പി.എസ്.കല്ലക്കൈ, ഐ.ഐ.എ.എൽ.പി.എസ്.ചെങ്കള, എസ്.ഡി.പി.എ.എൽ.പി.എസ്.മല്ല, എ.യു.എ.യു.പി.എസ്.നെല്ലിക്കുന്ന്, എ.യു.പി.എസ്.ബോവിക്കാനം, എം.എം.എ.യു.പി.എസ്.തുരുത്തി, എ.യു.പി.എസ് കുറ്റിക്കോൽ, കെ.എം.എ.യു.പി.എസ്. കല്ലക്കട്ട എന്നീ സ്കൂളുകളിൽ അധ്യാപകരുടെ നിയമനം നടന്നിട്ടുണ്ട്. |
| (ബി) | പ്രസ്തുത എല്ലാ നിയമനങ്ങൾക്കും അംഗീകാരം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | മേൽ സൂചിപ്പിച്ച എല്ലാ സ്കൂളുകളിലേയും നിയമനങ്ങൾക്ക് നിയമനാംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ അംഗീകാരം നൽകാത്ത നിയമനങ്ങൾ ഏതൊക്കെയാണെന്ന് സ്കൂളുകൾ തിരിച്ച് വ്യക്തമാക്കാമോ; | (സി) & (ഡി) | എ.യു.എ.യു.പി.എസ്.നെല്ലിക്കുന്ന് സ്കൂളിലെ 2 യു.പി.എസ്.എ തസ്തികകളിൽ സ്കൂൾ മാനേജർ നടത്തിയ നിയമനങ്ങൾ ക്രമപ്രകാരമല്ലെന്ന് പിന്നീട് കണ്ടെത്തിയതിനാൽ പ്രസ്തുത നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിനു വേണ്ടി പൊതുവിദ്യാഭ്യാസ ഡയറക്ടർ 06/12/2017-ന് ശുപാർശ നൽകിയിട്ടുണ്ട്. |
| (ഡി) | അംഗീകാരം നൽകാത്തതിന്റെ കാരണങ്ങൾ എന്താണെന്ന് വിശദീകരിക്കാമോ; | | |
| (ഇ) | നിയമനം അംഗീകരിച്ചതിനുശേഷം പിന്നീട് റദ്ദ് ചെയ്യപ്പെട്ട സംഭവം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഇ) | ഉണ്ട് |

| | | | |
|---|---|---|---|
| (എഫ്) | എങ്കിൽ പ്രസ്തുത സ്കൂളുകളുടെയും അദ്ധ്യാപകരുടെയും പേരുവിവരം നൽകാമോ; | (എഫ്) | എ.യു.എ.യു.പി.എസ്. നെല്ലിക്കുന്ന്<br>1.ശരണ്യ.ബി.എസ്, D/o. ശ്രീ. ശ്രീധരൻ. എൻ.എൻ, നെല്ലിക്കുന്ന്, കാസറഗോഡ്<br>2. അഷറഫ്.ഡി.എം, C/o ശ്രീ. മുഹമ്മദ് കഞ്ഞി ഹാജി, കളനാട് (പി.ഒ), കാസറഗോഡ് |
| (ജി) | ഈ അദ്ധ്യാപകർക്ക് ശമ്പളം നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ; നിയമനം അംഗീകരിക്കുകയും ശമ്പളം കൈപ്പറ്റുകയും ചെയ്തതിനുശേഷം നിയമനം റദ്ദ് ചെയ്യാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; കാര്യമായ പിഴവ് സംഭവിച്ചതുമൂലമാണ് ഈ അസാധാരണ സാഹചര്യം ഉണ്ടായതെന്നത് ശരിയാണോ എന്ന് വ്യക്തമാക്കാമോ; ആരുടെ ഭാഗത്താണ് പിഴവുണ്ടായതെന്നും ഇനിയുള്ള പരിഹാരമാർഗ്ഗം എന്താണെന്നും വ്യക്തമാക്കാമോ? | (ജി) | മേൽപ്പറഞ്ഞ അദ്ധ്യാപകരുടെ 7/17, 8/17 മാസങ്ങളിലെ ശമ്പളം നൽകിയിട്ടുണ്ട്.<br>എ.യു.എ.യു.പി.എസ്.നെല്ലിക്കുന്ന് എന്ന വിദ്യാലയത്തിലെ യു.പി.വിഭാഗം 22/05/1979 ന് ശേഷം നിലവിൽ വന്നതാണ്. അതായത്, ഇത്തരം വിദ്യാലയങ്ങളെ പുതിയതായി നിലവിൽ വന്ന/ഉയർത്തപ്പെട്ട വിദ്യാലയങ്ങളുടെ ഗണത്തിൽപ്പെടുത്തി പ്രസ്തുത വിദ്യാലയങ്ങളിലെ അദ്ധ്യാപക നിയമനം സർക്കാരിന്റെ നിലവിലുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് അംഗീകരിക്കാറുള്ളത്. ഇത്തരം വിദ്യാലയങ്ങളിലെ ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ മാത്രമേ നിയമിക്കാവൂ എന്ന നിബന്ധന സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ഘട്ടത്തിലാണ് മേൽപ്പറഞ്ഞ അദ്ധ്യാപകരുടെ നിയമനങ്ങൾ അബദ്ധ വശാൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്നും അംഗീകരിക്കപ്പെടാനിടയായത്. എന്നാൽ പ്രസ്തുത പിഴവ് ഉടനടി ശ്രദ്ധയിൽപ്പെടുകയും ഗവൺമെന്റ് ഉത്തരവിന് വിരുദ്ധമായി സ്കൂൾ മാനേജർ നടത്തിയ നിയമനങ്ങൾക്കുള്ള അംഗീകാരം നൽകൽ റദ്ദ് ചെയ്യാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നിയമനം നൽകുന്നതുമൂലം ഗവൺമെന്റിനുണ്ടായേക്കാവുന്ന സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കാൻ വേണ്ടിയാണ് നിയമനം റദ്ദ് ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നൽകിയതെന്ന് AEO അറിയിച്ചിട്ടുണ്ട്. പരിഷ്കരിച്ച ഉത്തരവ് പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ